M.6.581
M.S.194

കേരളപാഠാവലി



ക്ലാസ്സ് ൧

M.S.794

കേരളപാഠാവലി

M.S. 5-81

ഒന്നാം പാഠപുസ്തകം

സ്റ്റാൻഡാർഡ് ൧

ഗവണ്മെൻറിൽനിന്നും
നിയമിച്ച കമ്മിററി തയ്യാറാക്കിയതു്

Published by the Text Books Officer for the
Government of Kerala
(Ninth Edition 3,50,000 copies)
1957

[പകർപ്പവകാശം ഗവണ്മെൻറിന്]

വില—6 അണ

PRINTED BY THE SUPERINTENDENT OF GOVERNMENT PRESSES,
AT THE GOVERNMENT CENTRAL PRESS, TRIVANDRUM
1957.













പാഠം ൧

M. S. 581

അ

അമ്മ   അണ

അമ്മ
അണ

പാഠം ൨

ആ



ആന   ആമ

ആന

ആമ

പാഠം ൩

ഇ

ഇല

ഇമ

ഇല

ഇമ

പാഠം ൪

ഈ

ഈറ ഈച്ച

ഈറ

ഈച്ച

പാഠം ൩

ഉ



ഉറി ഉല

ഉറി

ഉല

പാഠം ൬

ഊ

ഊത്ത്

ഊഞ്ഞാൽ

ഊത്ത്

ഊഞ്ഞാൽ

പാഠം ൧

എ



എലി എരുമ

എലി

എരുമ

പാഠം ൭

ഏ

ഏണി   ഏലം

ഏണി
ഏലം

പാഠം ൯

ഒ

ഒട്ടകം ഒച്ച്

ഒട്ടകം
ഒച്ച്

പാഠം ൧൦

ഓ

 

ഓല   ഓന്ത്

ഓല

ഓന്ത്

പാഠം ൧൧

അ ആ ഇ ഈ

ഉ ഊ ഋ ഌ

എ ഏ ഐ

ഒ ഓ ഔ

അം

അമ്മ അന്ന

ആന ആമ

ഇല ഇമ

ഈറ ഈച്ച

ഉറി ഉല

ഊത്ത്

ഊഞ്ഞാൽ

എലി എരുമ

ഏണി ഏലം

ഒട്ടകം ഒച്ച്

ഓല ഓന്ത്

ഋഷി

ഐരാവതം

ഔഷധം

പാഠം ൰൨

ക

കലം   കാള

കലം

കാള

പാഠം ൧൩

ച



ചക്ക



ചാട്ട

ചക്ക
ചാട്ട

പാഠം ൧൪

ട



കുട   കൂടാരം

കുട

കൂടാരം

പാഠം ൰൩

ത

തവള താമര

തവള

താമര

പാഠം മൂന്നു

പ

പന പാവ

പന

പാവ

പാഠം ൧൨

ഞ

ഞ ണ്ട്   ഞാ റ്

ഞ ണ്ട്
ഞാ റ്

പാഠം മുവ്യ

ണ

വീണ

മണാളൻ

വീണ

മണാളൻ

പാഠം ൧൯

ന

നഖം

നാരകം

നഖം

നാരകം

പാഠം ൨൦

മ





മണി മാളിക

മണി
മാളിക

പാഠം ൨൧

ക ങ ച ഞ

ട ണ ത ന

പ മ

കലം കാള

ചക്ക ചാട്ട

കുട കൂടാരം

തവള താമര

പന പാവ

ഞണ്ട് ഞാറ്

വീണ

മണാളൻ

നഖം

നാരകം

മണി മാളിക

പാഠം ൨൨

യ

മുയൽ നായാട്ട്

മുയൽ

നായാട്ട്

പാഠം ൨൩

ര



വര

നാരായം

വര

നാരായം

പാഠം ൨൪

ല



വല ലാടം

വല

ലാടം

പാഠം ൨൭

വ

വടി   വാള്

വടി

വാള്

പാഠം ൨൰

ള

പാള
കോളാമ്പി

പാള
കോളാമ്പി

പാഠം ൨൯

ഴ

മഴ

വേഴാമ്പൽ

മഴ

വേഴാമ്പൽ

പാഠം പത്ത്

റ





തറ താറാവ്

തറ

താറാവ്

പാഠം ൨൯

ർ ൽ ൾ ൻ ൿ ം

പയർ മയിൽ

തൂൺ മീൻ



തേൾ കുളം

പയർ പയറ്

മയിൽ മയില്

ഊൺ ഊണ്

മീൻ മീന്

തേൾ തേള്

സുഖം ദുഃഖം

പാഠം ൩൦

ഇ	ഈ
കിളി	കീരി
ചിരി	ചീര
പിടി	പീലി
തിരി	തീയ്
നിറം	നീലം
മിഴി	മീനം

പാഠം ൩൫

ഉ	ഊ
ഉമി	ഊമ
കുടം	കൂട്ട്
ചുള	ചൂള
തുണി	തൂവൽ
നുര	നൂറ്
കുരു	കൂപ്പ

പാഠം ൩൨

ു ്

കുരു കുരുവ്
കാ കായ്
തീ തീയ്
പൂ പൂവ്

പാഠം ൩൩

ൃ

കൃപ നൃപൻ
കൃമി തൃണം

പാഠം ന്പര്

എ ഏ ഐ

ചെടി ചേന ചൈന്

തെളി തേൻ തൈലം

പെൺ പേടി പൈതൽ

പാഠം ന്പദ

ഒ ഓ ഔ

കൊടി കോടാലി കൗതുകം

പൊരി പോരു് പൗരൻ

മൊഴി മോടി മൗനം

പാഠം ൰൩

അ	ആ	ഇ	ഈ	ഉ	ഊ	ഋ
ക	കാ	കി	കീ	കു	കൂ	കൃ
ങ	ങാ	ങി	ങീ	ങു	ങൂ	ങൃ
ച	ചാ	ചി	ചീ	ചു	ചൂ	ചൃ
ഞ	ഞാ	ഞി	ഞീ	ഞു	ഞൂ	ഞൃ
ട	ടാ	ടി	ടീ	ടു	ടൂ	ടൃ
ണ	ണാ	ണി	ണീ	ണു	ണൂ	ണൃ
ത	താ	തി	തീ	തു	തൂ	തൃ
ന	നാ	നി	നീ	നു	നൂ	നൃ
പ	പാ	പി	പീ	പു	പൂ	പൃ
മ	മാ	മി	മീ	മു	മൂ	മൃ
യ	യാ	യി	യീ	യു	യൂ	യൃ
ര	രാ	രി	രീ	രു	രൂ	രൃ
ല	ലാ	ലി	ലീ	ലു	ലൂ	ലൃ
വ	വാ	വി	വീ	വു	വൂ	വൃ
ള	ളാ	ളി	ളീ	ളു	ളൂ	ളൃ
ഴ	ഴാ	ഴി	ഴീ	ഴു	ഴൂ	ഴൃ
റ	റാ	റി	റീ	റു	റൂ	റൃ

എ	ഏ	ഐ	ഒ	ഓ	ഔ	അം
കെ	കേ	കൈ	കൊ	കോ	കൌ	കം
ങെ	ങേ	ങൈ	ങൊ	ങോ	ങൌ	ങം
ചെ	ചേ	ചൈ	ചൊ	ചോ	ചൌ	ചം
ഞെ	ഞേ	ഞൈ	ഞൊ	ഞോ	ഞൌ	ഞം
ടെ	ടേ	ടൈ	ടൊ	ടോ	ടൌ	ടം
ണെ	ണേ	ണൈ	ണൊ	ണോ	ണൌ	ണം
തെ	തേ	തൈ	തൊ	തോ	തൌ	തം
നെ	നേ	നൈ	നൊ	നോ	നൌ	നം
പെ	പേ	പൈ	പൊ	പോ	പൌ	പം
മെ	മേ	മൈ	മൊ	മോ	മൌ	മം
യെ	യേ	യൈ	യൊ	യോ	യൌ	യം
രെ	രേ	രൈ	രൊ	രോ	രൌ	രം
ലെ	ലേ	ലൈ	ലൊ	ലോ	ലൌ	ലം
വെ	വേ	വൈ	വൊ	വോ	വൌ	വം
ളെ	ളേ	ളൈ	ളൊ	ളോ	ളൌ	ളം
ഴെ	ഴേ	ഴൈ	ഴൊ	ഴോ	ഴൌ	ഴം
റെ	റേ	റൈ	റൊ	റോ	റൌ	റം

പാഠം ൩൭

ക ഖ ഗ ഘ ങ

മുഖം

ഗദ



ഘടികാരം

മൂങ്ങ

മുഖം നഖം ഗദ ഗളം

ഘടികാരം ഘനം

മൂങ്ങ തേങ്ങാ

പാഠം നുവ്വ

ച ഛ ജ ഝ ഞ

ഛായ ജട

ഝടിതി

ഛായ ഛത്രം

ജട ജലം

ഝടിതി

ഝില്ലി

പാഠം ൩൯

ട ഠ ഡ ഢ ണ

കഠാരി ഗരുഡൻ

മൂഢൻ

കഠാരി ഗരുഡൻ

പീഠം ഡമരു

മൂഢൻ

ഗൂഢം

പാഠം ൪൦

ത ഥ ദ ധ ന

രഥം ദളം

ധനം

രഥം കഥ

ദളം ദാനം

ധനം

ധനു

പാഠം ൪൫

പ ഫ ബ ഭ മ



ഫലം

ബാലൻ

ഭരണി

ഫലം ഫാലം

ബലം ബാലൻ

ഭരണി ഭാരം

പാഠം ൪൨

യ ര ല വ ശ ഷ സ ഹ



ശലഭം

പുരുഷൻ

സിംഹം

ശലഭം   കുശലം

പുരുഷൻ   ദോഷം

സിംഹം   സാഹസം

പാഠം ൪൩

ക ഖ ഗ ഘ ങ

ച ഛ ജ ഝ ഞ

ട ഠ ഡ ഢ ണ

ത ഥ ദ ധ ന

പ ഫ ബ ഭ മ

യ ര ല വ

ശ ഷ സ ഹ

ള ഴ റ

പാഠം ൪൪

കുതിര ഓടും
തവള ചാടും



വെയിൽ ആറും
മയിൽ ആടും
മഴ പൊഴിയും
കുളിർ ഇളകും

പാഠം ൪൩

കാക്ക പൂക്കൾ

കങ്കണം പങ്കായം

ശക്തൻ രക്തം

കാക്ക കരയും

പൂക്കൾ വിരിയും

പൂങ്കുയിൽ പാടും

ശക്തൻ കനിയും

ക്ക ങ്ക

ങ്ങ ക്ത

പാഠം ൪൬

തച്ചൻ പിച്ചകം

അച്ഛൻ ഇച്ഛ

മഞ്ചൽ മഞ്ചാടി

കുഞ്ഞ് ഊഞ്ഞാൽ

അച്ഛൻ ഇച്ഛകൾ നൽകിടും

ഇക്കരെ നിന്നാൽ അക്കരെപ്പച്ച

അക്കരെ നിന്നാൽ ഇക്കരെപ്പച്ച

മഞ്ചത്തിലിരുന്നു ചാഞ്ചാടാം

കുഞ്ഞു ചിരിച്ചാൽ അമ്മ ചിരിക്കും

ച്ച ച്ഛ ഞ്ച ഞ്ഞ

പാഠം ൪൭

മുട്ട   കുട്ടകം

ചെണ്ട   മുണ്ടകൻ

കിണ്ണം   അണ്ണാൻ

കണ്ഠം   കുണ്ഠിതം

കുണ്ഡം   കുണ്ഡലം

വെണ്മ   കണ്മണി

പട്ടി കുരച്ചാൽ പടി തുറക്കുമോ?

മിണ്ടാപ്പൂച്ച കലമുടയ്ക്കും

അണ്ണാങ്കുഞ്ഞും തന്നാലായത്

ട്ട ണ്ട ണ്ണ ണ്ഠ ണ്ഡ ണ്മ

പാഠം ൪൩

തത്ത ഉത്തരം

ചന്ത പന്തയം

ചന്ദനം മുകുന്ദൻ

കൊന്ന കുന്ന്

അന്ധൻ സന്ധി

പാന്ഥൻ

ത്ത ന്ത

ന്ദ ന്ന

ന്ധ ന്ഥ

പാഠം ൯൯

ഒന്നാകും കുന്നിന്മേൽ

ഓരടിക്കുന്നിന്മേൽ

ഓരായിരം കിളി കൂട്ട വെച്ചു

കൂട്ടിന്നിളം കിളി

താമരപ്പെെങ്കിളി

താനിരുന്നാടുന്ന പൊന്നോല

പാഠം ൩൦

കപ്പൽ കപ്പിത്താൻ
അമ്പിളി ചെമ്പകം
ഉമ്മരം അമ്മാന
നന്മ പൊന്മാൻ

ഇരുപ്പൂ നിലങ്ങൾ
കപ്പൽ സഞ്ചാരം
അമ്പിളി അമ്മാവൻ
നെന്മേനി വാക

പ്പ മ്പ
മ്മ ന്മ

പാഠം ൩൨

വേനൽ വന്നു
വെയിൽ മൂത്തു
മാവു പൂത്തു
മണം പാറി
വണ്ടു വന്നു
തേൻ കുടിച്ചു
കണ്ടു നിന്നു
മടിയന്മാർ

പാഠം ൩൨

പയ്യൻ തയ്യൽ

മുല്ല പല്ലവം

ചൊവ്വാ വവ്വാൽ

മുറ്റം വറ്റൽ

കയ്യൂക്ക് കയ്യാല

മുല്ലപ്പൂ നെല്ലിക്കാ

നെറ്റിപ്പട്ടം കുറ്റിക്കാട്ട്

യ്യ ല്ല

വ്വ റ്റ

പാഠം ഒന്പ

വാക്യം സത്യം

ചക്രം ചിത്രം

ക്ലാവ് പ്ലാവ്

പക്വം തക്ക്

അർക്കൻ കീർത്തനം

അക്ഷരം ലക്ഷണം

ക്യ ക്ര

ക്ല ക്വ

ർക്ക ക്ഷ

പാഠം ഒര്

പൂങ്കോഴി കൂവി ഉണൎത്തും പിന്നെ

പൈങ്കിളി കീൎത്തനം പാടും.

ആദിത്യൻ ചെങ്കതിർ വീശും മെല്ലെ

ആ ദിക്കിൽ മാനം ചുവക്കും.

അന്നേരം നമ്മളെണീറ്റു നന്മ

വന്നീടാൻ ഈശനെ വാഴ്ത്തും.

പാഠം ൫൭



രാരാരോ കണ്മണിയേ
പൊന്മണിയേ രാരാരോ.
രാരാരോ പൈങ്കിളിയേ
ഉമ്മ തരാം കണ്മണിയേ.
കരയാതേ പൈങ്കിളിയേ
പൊന്മണിയേ രാരാരോ.

താരാട്ടാം തൊട്ടിൽ പിടി-
ച്ചാരാരോ രാരാരോ.
കണ്മണിയേ രാരാരോ
പൊന്മണിയേ രാരാരോ.

പാഠം ഒന്ന്



വാ കുരുവീ
വരു കുരുവീ
വാഴക്കൈമേലിരി കുരുവീ.

നാരു തരാം
ചകിരി തരാം
കൂട്ടുണ്ടാക്കാൻ കൂടെവരാം.

വെയിലല്ലേ
ചൂടില്ലേ
തണലിലിരിയ്ക്കുക സുഖമല്ലേ?

നീ വെറുതേ
പോകരുതേ
നിഴൽ കിട്ടാതേ വലയരുതേ.

പാഠം ൩൨



സൂൎയ്യൻ മറഞ്ഞു.
വെളിച്ചം മങ്ങി.
ചന്ദ്രൻ ഉദിച്ചു.
ഇരുൾ നീങ്ങി.
നിലാവു് പരന്നു.
വിളക്കു് വച്ചു.
ഈശ്വരനെ വാഴ്ത്തി.
പാഠം പഠിച്ചു.
അച്ഛന്റെ കൂടെ അത്താഴം ഉണ്ടു.

അമ്മൂമ്മ കഥ പറഞ്ഞു.
ചേച്ചിയും ഞാനും ഉറങ്ങി.

പാഠം മുപ്പ



കാക്കേ കാക്കേ കൂടെവിടെ
കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ?
കുഞ്ഞിനു തീറ്റി കൊടുക്കാഞ്ഞാൽ
കുഞ്ഞു കിടന്നു കരഞ്ഞീടും.

കുഞ്ഞേ കുഞ്ഞേ നീ തരുമോ
നിന്നുടെ കയ്യിലെ നെയ്യപ്പം?
ഇല്ല തരില്ലീ നെയ്യപ്പം
അയ്യോ കാക്കേ പറ്റിച്ചോ?

പാഠം ൧൯



പുല്ലു താനേ വളരും.
നെല്ലു കൃഷി ചെയ്യണം.

പാടം കൊണ്ടു വീടു പുലരും.
വാഴ വച്ചാൽ പഴം കിട്ടും.
മാവു നട്ടാൽ ഫലം തിന്നാം.
തെങ്ങു തന്നെ കല്പവൃക്ഷം.
ആടും മാടും പാലു തരും.
മഴ പെയ്താൽ കൃഷി വിളയും.
കൃഷി ചെയ്താൽ നാട് ഉയരും.

സമ്പത്തു കാലത്തു
തൈ പത്തു വച്ചാൽ
ആപത്തു കാലത്തു
കാ പത്തു തിന്നാം.

പാഠം നൂറ

ഇതു് ഒരു പരുത്തിച്ചെടിയുടെ പടമാണു്. അതിന്റെ പൂവും കായും നോക്കുക. ഉണങ്ങിയ കായു് പൊട്ടി പഞ്ഞി തൂങ്ങുന്നതു കാണുന്നില്ലേ? പഞ്ഞികൊണ്ടു നൂൽ ഉണ്ടാക്കുന്നു.



ബാലൻ തക്ലി
കൊണ്ടു നൂൽ
നൂൽക്കുന്നു.

ലീല ചക്രം കൊണ്ടു
നൂൽ നൂൽക്കുന്നു.



നൂൽകൊണ്ടു മുണ്ടു് നെയ്തു ണ്ടാക്കുന്നു. മുണ്ടു് വെളുത്തതാണു്. ചായം പിടിപ്പിച്ചു് മുണ്ടിനു പല നിറം കൊടുക്കുന്നു. ചുവന്ന തുണിയുണ്ടു്, പച്ചത്തുണിയുണ്ടു്. മഞ്ഞ, നീലം, കറുപ്പു് ഈ നിറത്തിലും തുണിയുണ്ടു്.

നെൽച്ചെടി നമുക്കു ചോറു തരുന്നു. പരുത്തിച്ചെടി നമുക്കു മുണ്ടും തരുന്നു.

പാഠം ൩൧



ഒരു ഉറുമ്പ് കുളത്തിൽ വീണു. കുളക്കരയിൽ ഒരു മരം നിന്നിരുന്നു. ആ മരത്തിലിരുന്ന പ്രാവ് ഇതു കണ്ടു. ഉറുമ്പു വെള്ളം കുടിച്ചു വലഞ്ഞു. പ്രാവിനു സങ്കടം തോന്നി. അതു് ഒരു ഇല പറിച്ചു വെള്ളത്തിലിട്ടുകൊടുത്തു. ഉറുമ്പ് നീന്തിപ്പിടഞ്ഞു് ഇലയിൽ കയറി.

ഓളം കൊണ്ടു് ഇല കരയ്ക്കു് അ
ടുത്തു. ഉറുമ്പിനു രക്ഷ കിട്ടി.

പാഠം ൬൨

മുറ്റത്തെ ചെപ്പിനടപ്പില്ല.
ഞെട്ടില്ലാ വട്ടയില.
കാട്ടിൽ കിടന്നവൻ കൂട്ടായി
വന്നു.
ഒരു കുപ്പിയിൽ രണ്ടെണ്ണ.
കാള കിടക്കും കയറോടും.
കൊമ്പൻകാള ഇഴഞ്ഞു വരുന്നു,
പിടിക്കാൻ ചെന്നാൽ കൊമ്പില്ല.
ഒരമ്മ പെറ്റ മക്കൾ എല്ലാം
തൊപ്പിക്കാരു്.
കിലുകിലുക്കും കിക്കിലുക്കും,
ഉത്തരത്തിൽ ചത്തിരിക്കും.

പാഠം ൱൨



ഒരിയ്ക്കൽ ഒരു നായ്ക്കു് ഒരു എല്ലു കിട്ടി. അതും കൊണ്ടു് ആ നായ് ഓടി. വഴിയ്ക്കു് ഒരു പാലം ഉണ്ടായിരുന്നു. ആ പാലത്തിന്മേൽക്കൂടി പോകുമ്പോൾ, നായ് താഴേയ്ക്കു് നോക്കി. അടിയിൽ ഉള്ള

വെള്ളത്തിൽ നായ് അതിന്റെ നിഴൽ കണ്ടു. അതു് വേറെ ഒരു നായാണ് എന്നു് ആ വിഡ്ഢി വിചാരിച്ചു. ആ നിഴലിന്റെ നേരെ നോക്കി അതു കുരച്ചു.



കടിച്ചു പിടിച്ചിരുന്ന എല്ലു് വെള്ളത്തിൽ വീണു. പ്ലും.

പാഠം നൂറു്

ഒന്നാനാം കൊച്ചു തുമ്പീ
എൻെറ കൂടെ പോരുമോ നീ.
നിൻെറ കൂടെ പോന്നാകിൽ
എന്തെല്ലാം തരുമെനിക്കു് ?
കുളിപ്പാൻ ഞാൻ കുളം തരുവേൻ.
കളിപ്പാനോ കളം തരുവേൻ.
കണ്ടീടാം പല കളിയും
ഉണ്ടീടാൻ തേൻ തരുവേൻ.
ഇട്ടിരിപ്പാൻ പൊൻ തടുക്കു്
ഇട്ടുണ്ണ്വാൻ പൊൻ തളിക.

കൈയ്യുകഴുകാൻ വെള്ളിക്കിണ്ടി
കൈയ് തോർത്താൻ പുള്ളിപ്പട്ട്.
തന്നീടാം കൊച്ചു തുമ്പീ
എൻെറ കൂടെ പോരുമോ നീ?

പാഠം ൩൭

മണ്ണാങ്കട്ടയും കരിയിലയും ചേന്ന് ഒരിക്കൽ ഒരു യാത്ര പുറപ്പെട്ടു. അവർ വലിയ കൂട്ടുകാരായിരുന്നു. തമ്മിൽ സഹായിക്കാമെന്ന് അവർ ഏററിരുന്നു. അവർ കുറച്ചു ദൂരം ചെന്നു. അപ്പോൾ ഒരു കൊടുങ്കാററ് അടിച്ചു. മണ്ണാങ്കട്ട കരിയിലയുടെ പുറത്തു കയറി ഇരുന്നു. കാററ് നിന്നപ്പോൾ അവർ യാത്ര

തുടൎന്നു. കുറേ കഴിഞ്ഞു് ഒരു വലിയ മഴ പെയ്തു. കരിയില കൂട്ടുകാരന്റെ മുതുകിൽ കയറി ഇരുന്നു. മഴ മാറി. പിന്നെയും യാത്ര തുടൎന്നു. പെട്ടെന്നു കാറ്റും മഴയും ഒരുമിച്ചു വന്നു. പാവം! കരിയില പറന്നു പോയി. മണ്ണാങ്കട്ട അലിഞ്ഞും പോയി.

പാഠം ൧൧

ഇവയുടെ ഉപയോഗം എന്ത്?



പാഠം ൩൯

ഇവയുടെ ഉപയോഗം എന്തു്?



പാഠം നൂറു



ഒരു ആട്ടിൻകുട്ടി ആറ്റിൽ വെള്ളം കുടിക്കാൻ തുടങ്ങുന്നു. കുറച്ചു മേൽ ഭാഗത്തു നിന്ന ചെന്നായ് ചോദിക്കുന്നു.

ചെന്നായ്:— നീ ആരെടാ? എന്റെ ആററിൽ വന്നു വെള്ളം കുടിക്കുന്നോ? എനിക്കു

കുടിക്കാനുള്ള വെള്ളമാണ് ഇത്. നീ ഇതു കലക്കിയോ?

ആട്ടിൻകുട്ടി:–(പേടിച്ചു വിറച്ചു കൊണ്ട്) പൊന്നുതമ്പുരാനേ, ഞാൻ വെള്ളം കലക്കിയില്ല. ദാഹിച്ചു വലഞ്ഞപ്പോൾ കുറച്ചു വെള്ളം കുടിച്ചുപോയി. ഇനി ഇവിടെ വരികയില്ല. ഇപ്പോഴത്തേക്ക് മാപ്പു തരണം.

ചെന്നായ്:–മാപ്പോ? നിനക്കോ? വെള്ളം കുടിച്ചതിരിക്കട്ടെ. വെള്ളം കലക്കിയതെന്തിന്?

ആട്ടിൻകുട്ടി:–ഇങ്ങു താഴെയാണല്ലോ ഞാൻ നില്ക്കുന്നത്. വെള്ളം മേലോട്ട് ഒഴുകുകയില്ലല്ലോ.

ചെന്നായ്:–നീ എന്നോടു വാദി

ക്കാറായോ? ധിക്കാരി! നീ കല
ക്കിയില്ലെന്നോ? പിന്നെ ആ
രു് ഇവിടെ കലക്കാൻ വന്നു?

ചെന്നായു് ചാടി വീണു് ആട്ടിൻ
കുട്ടിയെ കൊന്നു തിന്നു.

പാഠം ന്നൻ.

ഞാൻ ഇന്നലെ വള്ളംകളി
കണ്ടു. എന്തൊരു രസം! എന്റെ
വീട്ടിനടുത്തു് ഒരു കായൽ ഉണ്ടു്.
ഞങ്ങൾക്കു് ഒരു ചെറിയ ഓടി
വള്ളം ഉണ്ടു്. ചേട്ടനും കൂട്ടുകാരും
ഇന്നലെ വള്ളം കളിക്കാൻ പോ
യി. കാണാൻ ഞാനും പോയിരുന്നു.
അവർ വള്ളത്തിൽ കയറി. എല്ലാ
വരും തുഴഞ്ഞു തുടങ്ങി. കൊമ്പ
ത്തിരുന്ന ചേട്ടൻ പാട്ടു പാടി.

മറ്റുള്ളവർ ഏറ്റുപാടി. ഞാനും കൂട്ടരും കരയിൽ നിന്നു തുള്ളിച്ചാടി. ചേട്ടൻ പാടിയ പാട്ടു കേൾക്കണ്ടേ ?

കൂട്ടുകാരേ! വന്നീടുവിൻ
പാട്ടു പാടിക്കളിച്ചീടാം
കൂട്ടുചേൎന്നു വഞ്ചിയേറി-
പ്പാട്ടുകൾ പാടാം.

കേരളമാണെന്റെ രാജ്യം
കേമമാകും വഞ്ചിപ്പാട്ടും
കേളിയേറുമോണപ്പാട്ടും
മേളിക്കും രാജ്യം.

മലകളും പുഴകളും
പലതരം മരങ്ങളും
നിലങ്ങളും കുളങ്ങളും
നിറഞ്ഞ രാജ്യം.

കേരം നീളെ വളരുന്നു
കായലുകൾ തിളങ്ങുന്നു;
ഭാരതത്തിൻ പൂവാടിയാ-
ണെന്നുടെ രാജ്യം

ഓളം തള്ളും വഞ്ചിയേറി-
ത്താളമിട്ടു പാട്ടുപാടാം
നാളിൽ നാളിലുയരട്ടെ
നമ്മുടെ രാജ്യം.

അദ്ധ്യാപകന്ന് സൂചന

I

ആദ്യം കൊടുത്തിട്ടുള്ള ചിത്രങ്ങൾ സംഭാഷണപാഠങ്ങൾക്ക് ഉതകത്തക്കവണ്ണമാണ്. കുട്ടികൾക്കു നിത്യപരിചയമുള്ള മൃഗങ്ങളുടെയും സസ്യങ്ങളുടെയും മററുമാണല്ലോ ഈ ചിത്രങ്ങൾ. അവ ഓരോന്നിനെയും പററി ചോദ്യങ്ങൾ ചോദിച്ച് കുട്ടികളെക്കൊണ്ട് ഉത്തരം പറയിച്ചുകൊണ്ട് പാഠം തുടങ്ങാം. ഇത്തരം സംഭാഷണപാഠങ്ങൾ കുട്ടികളുടെ ഭാഷാശക്തിയെ പരിശോധിക്കാനും, സംഭാഷണവൈകല്യങ്ങളെ തിരുത്താനും, അവർക്കു നിരീക്ഷണസാമർത്ഥ്യം ഉളവാക്കാനും മററും പ്രയോജനപ്പെടും.

ചിത്രങ്ങൾ കൊടുത്ത് അവയുടെ പേര് അടിക്ക് എഴുതി ആ വഴിക്ക് അക്ഷരങ്ങൾ പരിചയപ്പെടുത്തുന്ന പദ്ധതിയാണല്ലോ നാം സ്വീകരിക്കുന്നത്. പേരോടുകൂടി ചിത്രങ്ങൾ കൊടുക്കുന്നതിനു മുൻപ് പേരില്ലാതെ ചിത്രങ്ങൾ മാത്രം കാണിക്കുന്നത് വേറൊരു കാര്യത്തിനും പ്രയോജനപ്പെടുത്താവുന്നതാണ്. പരിചയമുള്ള ചിത്രങ്ങൾ കാണിച്ചാൽ ആലോചിച്ചു പേരു പറയുന്നതിന് കുട്ടികൾക്കു കഴിവുണ്ടാകും. ആ പരിശീലനം ഉപരിപാഠങ്ങളിലേയ്ക്കും ഉപകാരപ്രദമാകും. ഉപരിപാഠങ്ങളിൽ കുട്ടിക്ക് അക്ഷരബോധം ഉറയ്ക്കുന്നതുവരെ ചിത്രത്തിന്റെ സാഹായ്യം കൊണ്ട് വാക്കും, വാക്കിന്റെ സാഹായ്യംകൊണ്ട് ചുവന്ന മഷിയിലുള്ള നിർദ്ദിഷ്ടാക്ഷരവും കണ്ടുപിടിക്കാൻ സൗകര്യമുണ്ടാകും.

II

ഒന്നുതൊട്ടു പതിനൊന്നുവരെയുള്ള പാഠങ്ങളിൽ അകാരാദി മുറയ്ക്കു് സ്വരങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. കുട്ടികൾക്കു് സ്വയം പേരു പറയത്തക്കവണ്ണമോ, അഥവാ ഒരിക്കൽ പറഞ്ഞുകൊടുത്താൽ ഓർമ്മിക്കത്തക്കവണ്ണമോ ഉള്ള ചിത്രങ്ങളാണു് കാണിച്ചിട്ടുള്ളതു്. പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന അക്ഷരം ചുവന്ന മഷിയിൽ അച്ചടിച്ചിരിക്കും. ഓരോ അക്ഷരവും അയ്യഞ്ചുപ്രാവശ്യം ഓരോ പാഠത്തിലും കാണിച്ചിട്ടുമുണ്ടു്. അതിനാൽ ഓരോ അക്ഷരത്തിന്റെയും ലിപിസ്വരൂപത്തെപ്പറ്റി കുട്ടികൾക്കു് ദൃഷ്ടിപരിചയം വേണ്ടപോലെയുണ്ടാകാനും, നിർദ്ദിഷ്ടാക്ഷരത്തെ ഭിന്നസ്ഥാനങ്ങളിൽ കണ്ടുപിടിക്കാൻ കഴിവുണ്ടാകാനും ഈ രീതി വഴിനൽകുന്നു.

ഈ മലയാളലിപികൾ എഴുതി പരിശീലിക്കാൻ കുട്ടികൾക്കു് കുറേ ദിവസത്തെ ശ്രമപൂർവ്വമായ പരിചയം ആവശ്യമാണു്. അകാരാദി സ്വരങ്ങൾ എഴുതി പഠിക്കാൻ അവർക്കു് താരതമ്യേന ശ്രമം കൂടുതലുമായിരിക്കും. അതിനാൽ ലിപിപരിശീലനത്തിനു പ്രാരംഭമായി അദ്ധ്യാപകൻ സർവ്വലിപിസാധാരണമായ നേർവരകളും വളഞ്ഞ വരകളും എഴുതിച്ചു് കുട്ടികൾക്കു പരിശീലനം കൊടുക്കുന്നതു് പ്രയോജനകരമായിരിക്കും. ഒരു അർദ്ധവൃത്തമായ 'റ', രണ്ടു അർദ്ധവൃത്തങ്ങൾ അടുപ്പിച്ചുള്ള 'ന', 'ധ', ഒരു പൂർണ്ണവൃത്തമായ 'ഠ', നെടുകെയും കീഴ്മേലുള്ള വരകൾ ـ – I, വള്ളി, പുള്ളികൾ എന്നീ ചിഹ്നങ്ങളെല്ലാം പ്രത്യേകം എഴുതിച്ചു് ലിപിവിദ്യയിൽ പ്രാരംഭപരിചയം കൊടുക്കാവുന്നതാണു്. പരിചയമുള്ള അദ്ധ്യാപകനു് ഈ വിദ്യകളെല്ലാം വശമായിരിക്കും. ഈ വിദ്യകൊണ്ടു് കുട്ടികൾക്കു് ലിപികൾ എഴുതുന്നതിനു് എളുപ്പം ഉണ്ടാകാവുന്നതാണു്.

അക്ഷരമാലയിലുള്ള അകാരാദിക്രമം വ്യാകരണകാര്യംകൂടെ ആയതുകൊണ്ടാണ് ആ മുറ കഴിയുന്നതും തെററിക്കാതെ പഠിപ്പിക്കേണ്ടതു്. അക്ഷരങ്ങളെ മുറ തെററി പഠിപ്പിച്ചിട്ട് പിന്നീട് മുറ പഠിപ്പിച്ചുകൊള്ളാമെന്നു വയ്ക്കുന്നതു് സാധുവാണ് എന്നു കരുതാവുന്നതല്ല.

[illegible] പത്തു പാഠങ്ങൾകൊണ്ടു് സ്വരങ്ങൾ പഠിപ്പിച്ചിട്ടു് പതിനൊന്നാം പാഠത്തിൽ അനുക്രമമായി സ്വരമാല മുഴുവനും ചേൎത്തു കാണിച്ചിരിക്കുന്നു. സ്വരങ്ങൾ അനുക്രമമായി പറഞ്ഞു പഠിപ്പിക്കാൻ ഈ പാഠം പ്രയോജനപ്പെടും. 'ഌ' എന്ന സ്വരം സാധാരണമായി മലയാളത്തിൽ വരികയില്ലെങ്കിലും സ്വരമാലയുടെ പൂൎത്തിക്കായി ആ സ്വരവും കാണിച്ചിരിക്കുന്നു. അദ്ധ്യാപകൻ അതു കുട്ടികളെ പ്രത്യേകം പഠിപ്പിക്കണം. ചിത്രംകൊണ്ടു് ഉദാഹരിക്കാൻ പ്രയാസമായ 'ഌ', 'ഐ', 'ഔ' എന്ന അക്ഷരങ്ങളേയും ഉദാഹരിക്കാൻ വാക്കുകൾ കൊടുത്തിരിക്കുന്നു. ആ അക്ഷരങ്ങളിലേയ്ക്കു് അദ്ധ്യാപകൻ കുട്ടികളുടെ ശ്രദ്ധയെ ആകൎഷിക്കണം.

III

12 തൊട്ടു 28 വരെയുള്ള പാഠങ്ങളിൽ വ്യഞ്ജനാക്ഷരങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. ഓരോ പാഠത്തിലും അകാരവും ആകാരവും ചേൎത്തു് 'ക' കാരാദിയായി വ്യഞ്ജനങ്ങൾ കാണിച്ചിരിക്കുന്നു.

വ്യഞ്ജനങ്ങൾ പഠിപ്പിക്കുന്നതിനു് വൎഗ്ഗങ്ങൾ ആദ്യം കാണിച്ചും പിന്നെ ഓരോ വൎഗ്ഗത്തിലുമുള്ള അക്ഷരങ്ങളെ പൂൎണ്ണമായി നിൎദ്ദേശിച്ചും ആണു് പ്രദൎശിപ്പിച്ചിരിക്കുന്നതു്. ക'ാദിയായ വൎഗ്ഗങ്ങൾക്കു ദ്രാവിഡഭാഷകളിലും സംസ്കൃതത്തിലും ഉള്ള അക്ഷരസംഖ്യാവ്യത്യാസവും പരിഗണിച്ചിട്ടുണ്ടു്. ക ങ, ച ഞ, ട ണ, ത ന, പ മ ഇതുയുമേ ദ്രാവിഡ

വർഗ്ഗത്തിലുള്ള: ക ഖ ഗ ഘ ങ, ച ഛ ജ ഝ ഞ, ട ഠ ഡ ഢ ണ, ത ഥ ദ ധ ന, പ ഫ ബ ഭ മ ഇത്രയും സംസ്കൃതത്തിലുണ്ടു്. ക്രമേണ കുട്ടികളെ ഈ അക്ഷരവർഗ്ഗങ്ങളിലേയ്ക്കു് ക്ഷണിക്കാനാണു് ശ്രമിച്ചിട്ടുള്ളതു്. 12 തൊട്ടു് 16 വരെ പാഠങ്ങൾകൊണ്ടു് ക, ച, ട, ത, പ എന്ന വർഗ്ഗമൂലാക്ഷരങ്ങൾ കാണിച്ചിരിക്കുന്നു. ദ്രാവിഡരീതിക്കു പിന്നെ ങ, ഞ, ണ, ന, മ യാണു് കാണിക്കാനുള്ളതു്. 'ങ' സാധാരണ പദത്തിൽ വരാത്തതുകൊണ്ടു് അതു വിട്ടു. 'ണ'കാരത്തിന്റെ 'ആ'കാരരൂപത്തിനു് 'മണാളൻ' എന്നു് ഉദാഹരണം കാണിച്ചതിൽ വിപ്രതിപത്തിക്കു് അവകാശമുണ്ടായിരിക്കാം. വേറെ നല്ല ഒരു ഉദാഹരണം കാണാത്തതിനാൽ ആ വാക്കു സ്വീകരിച്ചതാണു്.

21–ാം പാഠത്തിൽ ദ്രാവിഡവർഗ്ഗാക്ഷരങ്ങളെ അനുക്രമമായി കാണിച്ചു് അവയ്ക്കു് ഉദാഹരണങ്ങളും നിർദ്ദേശിച്ചിരിക്കുന്നു. 22 മുതൽ 25 വരെ പാഠങ്ങളിൽ യ, ര, ല, വ എന്ന മധ്യമാക്ഷരങ്ങൾ കാണിച്ചിരിക്കുന്നു. ഇവ ദ്രാവിഡഭാഷകൾക്കും സംസ്കൃതത്തിനും തുല്യമാണല്ലോ.

26 മുതൽ 28 വരെ ള, ഴ, റ എന്ന അക്ഷരങ്ങളും 29-ാം പാഠത്തിൽ ചില്ലുകളും പഠിപ്പിക്കുന്നു. അനുസ്വാരവിസർഗ്ഗങ്ങൾ പഠിപ്പിക്കുന്നതിൽ ഇവിടെ മനസ്സിരുത്തേണ്ടതാണു്. ഇത്രയുംകൊണ്ടു് ദ്രാവിഡാക്ഷരങ്ങൾ പൂർത്തിയായി.

ഈ ദ്രാവിഡവ്യഞ്ജനങ്ങൾ എല്ലാ സ്വരങ്ങളോടും ചേരുന്ന രൂപങ്ങളാണു് 30 തൊട്ടു് 35 വരെ പാഠങ്ങളിൽ കാണിച്ചിട്ടുള്ളതു്. 36–ാം പാഠത്തിൽ അതുവരെ പഠിപ്പിച്ചിടത്തോളമുള്ള അക്ഷരമാല മുഴുവൻ ചേർത്തു കാണിച്ചിരിക്കുന്നു.

അതിന്മേൽ സംസ്കൃതരീതിയനുസരിച്ച്, കാദികളായ വർഗ്ഗാക്ഷരങ്ങളെ പരിചയപ്പെടുത്തുന്ന പാഠങ്ങളാണ്. 37 തുടങ്ങി 41 വരെ പാഠങ്ങൾ കാണുക. മുൻപാഠങ്ങളിൽ പഠിപ്പിച്ച ഖരവും അനുനാസികവും നീക്കി ഓരോ വർഗ്ഗത്തിലുമുള്ള അതിഖരം, മൃദു, ഘോഷം എന്ന അക്ഷരങ്ങളെ ചുവന്ന മഷിയിൽ അച്ചടിച്ച്, വേർതിരിച്ചു കാണിച്ചിരിക്കുന്നു. ഈ അക്ഷരങ്ങൾ പഠിപ്പിക്കുമ്പോൾ അവയുടെ ശരിയായ ഉച്ചാരണം കുട്ടികളെ മനസ്സിലാക്കാൻ അദ്ധ്യാപകൻ മനസ്സിരുത്തേണ്ടതാണ്. ഓരോ വർഗ്ഗാക്ഷരത്തേയും ആവർത്തിച്ചു പറഞ്ഞും പറയിച്ചും അക്ഷരമുറ ഉറപ്പിക്കയും വേണം.

41-ാം പാഠംകൊണ്ടു സംസ്കൃതരീതിയിലുള്ള വ്യഞ്ജനങ്ങൾ പൂർത്തിയാക്കിയിട്ട് യ, ര, ല, വ കളോടൊപ്പം ശ, ഷ, സ, ഹ എന്ന ഊഷ്മാക്കളെ അവതരിപ്പിച്ചിരിക്കയാണ്.

ഇത്രയുംകൊണ്ട് അക്ഷരമാലയുടെ ഓരോ ഭാഗത്തേയും ശാസ്ത്രീയമായി വിശകലനംചെയ്തു കാണിച്ചിരിക്കുകയാണെന്നു സ്പഷ്ടമാണല്ലോ. 43-ാം പാഠത്തിൽ മലയാളത്തിലെ സംപൂർണ്ണമായ അക്ഷരമാല കാണിച്ചിരിക്കുകയാണ്. ആ അക്ഷരമാല കുട്ടികളെക്കൊണ്ട് ആവർത്തിച്ചു ചൊല്ലിച്ച് വശമാക്കണം. 44 തൊട്ട് 53 വരെയുള്ള പാഠങ്ങൾ കൂട്ടക്ഷരങ്ങൾ പഠിപ്പിക്കാനും ലഘുവാക്യങ്ങൾ പഠിപ്പിക്കാനും ഉദ്ദേശിച്ചവയാണ്. വാക്കുകളിൽനിന്നു വാചകങ്ങളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്ന ചായ്‌വും ആ പാഠങ്ങൾ തൊട്ട് കാണാവുന്നതാണ്. ക്ക, ങ്ക, ങ്ങ, ക്ത, ച്ച, ച്ഛ, ഞ്ച, ഞ്ഞ, ട്ട, ണ്ട, ണ്ണ, ജ്ഞ, ണ്ഡ, ണ്മ, ത്ത, ന്ത, ന്ദ, ന്ന, ന്ധ,

ത്ഥ, പ്പ, മ്പ, മ്മ, ന്മ, ഘ്ന, ല്ല, ഷ്ട, ററ, ക്യ, ക്ര, ക്ല, ക്വ, ക്ക, ക്ഷ എന്നിത്രയും കൂട്ടക്ഷരങ്ങളാണ് പ്രധാനമായി കാണിച്ചിട്ടുള്ളത്.

പഠിച്ച അക്ഷരങ്ങൾ ഉറയ്ക്കാനും ഉപരിപാഠഗ്രന്ഥങ്ങളിലേയ്ക്കു പ്രവേശനത്തിനു ഉതകാനും വേണ്ടിയുള്ള പാഠങ്ങളാണ് 51 തൊട്ടുള്ളവ. ഇവയിൽ ലഘുഗാനങ്ങൾ, ലഘുവാക്യങ്ങൾ, കഥകൾ, പഴഞ്ചൊല്ലുകൾ, സംഭാഷണപാഠങ്ങൾ എന്നിവകൊണ്ട് സാഹിത്യരൂപങ്ങളുടെ പ്രാഥമികഭാവങ്ങൾ കാണിച്ചിരിക്കയാണ്. കൃഷി, കൈത്തൊഴിൽ, വിനോദം എന്നീ മുഖ്യവിഷയങ്ങളും ദൃഷ്ടിയിൽ വച്ചുകൊണ്ടാണ് ഈ പാഠങ്ങൾ രചിച്ചിട്ടുള്ളത്.

അവസാനപാഠത്തിലെ വഞ്ചിപ്പാട്ടുകൊണ്ട് നമ്മുടെ മുഖ്യവിനോദമായ വള്ളംകളിയിലേയ്ക്കും സാഹിത്യപ്രസ്ഥാനമായ വഞ്ചിപ്പാട്ടിലേയ്ക്കും കുട്ടികളുടെ ശ്രദ്ധയെ ആകർഷിക്കാം. അതിനുംപുറമേ നമ്മുടെ രാജ്യത്തിന്റെ ഭൂമിശാസ്ത്രത്തിലേയ്ക്കും അവരുടെ ശ്രദ്ധയെ ക്ഷണിക്കാൻ കഴിയും.

ഒന്നാംപാഠം പഠിപ്പിച്ചുകഴിയുമ്പോഴേയ്ക്കും അക്ഷരമാല മുഴുവൻ കുട്ടികൾ നല്ലവണ്ണം വശമാക്കിക്കഴിയണമെന്നും, രണ്ടാംപാഠം പഠിക്കുന്നതിനു പര്യാപ്തമായ അക്ഷരപരിചയവും വാക്യപരിചയവും സമ്പാദിച്ചുകഴിയണമെന്നും ലക്ഷ്യമാക്കേണ്ടതാണ്.

ശൂരനാട്ടു കുഞ്ഞൻ പിള്ള
അമ്പാടി കാർത്ത്യായനി അമ്മ
എം. രാമകൃഷ്ണൻ നായർ
മാത്യു എം. കുഴിവേലി.

467